LIBRARY ARCHIVES Kerala Legislative Assembly

സൗജന്യ കിടത്തി ചികിത്സയും മരുന്നും

24 (731) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദരിദ്രരും നിരാലംബരുമായ രോഗികൾക്ക് സൗജന്യ കിടത്തി ചികിത്സയും മരുന്നും ലഭ്യമാക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) രോഗികൾക്ക് സൗജന്യമായി മരുന്ന് നൽകുന്നതിനായി ഈ വർഷം എത്ര തുക നീക്കിവച്ചിട്ടുണ്ട് ;

(സി) സൗജന്യമായി നൽകി വരുന്ന മരുന്നുകളുടെ പട്ടിക ലഭ്യമാക്കുമോ ?

ഉത്തരം

(എ) ദരിദ്രരും നിരാലംബരുമായ നിരവധി രോഗികൾ ആശ്രയിക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലും ജനറിക് മരുന്നുകൾ ഉറപ്പുവരുത്തുകയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് എല്ലാ ചികിത്സകളും സൗജന്യമായി നൽകി വരുന്നു. ജെറിയാട്രിക് കെയർ പദ്ധതിയുടെ ഭാഗമായി ജില്ലാ ആശുപത്രികളിൽ ജെറിയാട്രിക് വാർഡുകളും ക്ലിനിക്കുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂട്ടിരിപ്പുകാർ ഇല്ലാത്ത നിരാലംബരായ രോഗികളെ പാർപ്പിക്കുവാൻ ഡെസ്റ്റിറ്റ്യൂട്ട് വാർഡുകൾ പ്രധാനപ്പെട്ട ചില ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുണ്ട്. നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഓഫ് എൽഡർലി (NPHCE) പദ്ധതി പ്രകാരം പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ പ്രത്യേക ജെറിയാട്രിക് ക്ലിനിക്കുകളും, വാർഡുകളും, ഫിസിയോതെറാപ്പി യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. RSBY, CHIS, CHIS PLUS പദ്ധതികളിലൂടെ നിർദ്ധനരായ രോഗികൾക്ക് ആരോഗ്യ പരിരക്ഷ നൽകി വരുന്നു. സുകൃതം പദ്ധതി നിലവിൽ വരുന്നതോടെ ക്യാൻസർ ചികിത്സയും നിർദ്ധനരായ രോഗികൾക്ക് സൗജന്യമായിരിക്കും. ആശുപത്രി സമിതികൾ, റെഡ് ക്രോസ്, സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രത്യേക പദ്ധതികൾ എന്നിവയിലൂടെ കിടത്തി ചികിത്സ ലഭിക്കുന്ന രോഗികൾക്ക് ഭക്ഷണവും ലഭ്യമാക്കുന്നുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷം മരുന്നുകൾ സംഭരിക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 242 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) മരുന്നുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.